മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

ജീവനക്കാര്യം: സർവ്വകലാശാലകളുടെ സ്റ്റാറ്റ്യൂട്ടുകളുടെ ഏകീകരണം - കരട് നിർദ്ദേശം സമർപ്പിക്കുന്നതിനുള്ള ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കുന്ന സമിതി - സർവ്വകലാശാലയിൽ നിന്നുമുള്ള ഉദ്യോഗസ്ഥന്റെ നാമനിർദ്ദേശം - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭരണവിഭാഗം എ1 സെക്ഷൻ

നം. 7977/എ1/2/2018/ഭരണവിഭാഗം തീയതി, പ്രിയദർശിനി ഹിൽസ്, 07.11.2018

---

സൂചന: സർക്കാർ ഉത്തരവ് നമ്പർ സ.ഉ(എം.എസ്) നം. 252/2018/ഉ.വി.വ, തീയതി 08.10.2018.

## <u>ഉത്തരവ്</u>

സംസ്ഥാനത്തെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനം കേരള പി.എസ്.സി. യ്ക്ക് വിട്ടതുമായി ബന്ധപ്പെട്ട് സർവ്വകലാശാലകളുടെ നിലവിലുള്ള സ്റ്റാറ്റ്യൂട്ടുകളിൽ മാറ്റം വരുത്തി ഏകീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് ഓരോ സർവ്വകലാശാലയിൽ നിന്നും സേവനത്തിലുള്ളതോ വിരമിച്ചവരോ ആയ വിദഗ്ദ്ധന്മാരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കുന്നതിനും, സർവ്വകലാശാലകളുടെ സ്റ്റാറ്റ്യൂട്ടുകളിൽ മാറ്റം വരുത്തുന്നതിനെ സംബന്ധിച്ച് കരട് നിർദ്ദേശം സമർപ്പിക്കുന്നതിനും സൂചന പ്രകാരം, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ, ടി സമിതിയിൽ ഉൾപ്പെടുത്തുന്നതിനായി മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സെക്ഷൻ ഓഫീസറായ ശ്രീ. മജീദ് വി പി യെ (Ac L സെക്ഷൻ) നാമനിർദ്ദേശം ചെയ്തുകൊണ്ട് രജിസ്ട്രാർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
മനോജ്കുമാർ കെ എസ്
അസിസ്റ്റന്റ് രജിസ്ട്രാർ I (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. ശ്രീ. മജീദ് വി പി, സെക്ഷൻ ഓഫീസർ
2. മെമ്പർ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ കൗൺസിൽ
3. വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
4. രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
5. ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണവിഭാഗം/ പരീക്ഷാ വിഭാഗം/ അക്കാദമികം/ ധനകാര്യം)
6. പബ്ലിക് റിലേഷൻസ് ഓഫീസർ/ കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ ഐ.ക്യു.എ.സി.
7. സ്റ്റാറ്റിസ്റ്റിക്കൽ സെക്ഷൻ/ റെക്കോർഡ്സ് സെക്ഷൻ/ ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, എം.ജി. യൂണിവേഴ്സിറ്റി
8. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

ഫയൽ നം. എഡി.എ1-2-220/2018

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം